# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4830 — 24.07.2015 -ൽ മറുപടിക്ക്

## മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ :<br>,, ലൂഡി ലൂയിസ് :<br>,, കെ. മുരളീധരൻ :<br>,, എ. പി. അബ്ദുള്ളക്കുട്ടി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതശൈലീരോഗ പരിശോധനയ്ക്കും നിർണ്ണയത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; | (എ) | കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രം കാരണം പല പ്രദേശങ്ങളും യാത്രാ ക്ലേശവും എത്തിപ്പറ്റാൻ വൈഷമ്യമുള്ളതും ആയതിനാൽ ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വൈദ്യ സഹായം എത്തിക്കുന്നതിന് സാങ്കേതികമായ പരിമിതികളുണ്ട്. മലയോര മേഖലകളിലെ പ്രത്യേകിച്ച് ആദിവാസി മേഖലകളിലും, തുരുത്തുകളിലും വെള്ള കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് ആതുരാലയങ്ങളിൽ എത്തുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് സഞ്ചരിക്കുന്ന ജീവിത ശൈലി ക്ലിനിക്കുകളായ 'കെയർ ഓൺ വീൽസ് ', 'കെയർ ഓൺ വേവ്സ്' എന്നിവ. |
| (ബി) പി.എച്ച്.സി. കൾ ഇല്ലാത്ത വിദൂര പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br>(സി) വിദൂര പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ചികിത്സക്കായി മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) | മലയോര മേഖലകളിലും ആദിവാസി ഊരുകളിലും സഞ്ചാര സൗകര്യം കുറവുള്ള പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങൾക്ക് ജീവിത ശൈലി രോഗ നിർണ്ണയവും ചികിത്സയും മരുന്നും സൗജന്യമായി നൽകുന്ന സഞ്ചരിക്കുന്ന ജീവിത ശൈലി ക്ലിനിക്കുകളാണ് കെയർ ഓൺ വീൽസ്. ഇത് മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേക വാൻ സജ്ജീകരിക്കുകയും, അതിനുള്ളിൽ മിനി ലബോറട്ടറി ഒരുക്കുകയും, പരിശോധനാ |

(......2)

സംവിധാനങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലബോറട്ടറി ടെക്നീഷ്യന്റെ സേവനവും അതാത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനവും ഉറപ്പുവരുത്തുന്നു. ഇതുപോലെ ആലപ്പുഴ, എറണാകുളം ജില്ലകളിൽ തുരുത്തുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്കായുള്ള സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളായ 'കെയർ ഓൺ വേവ്സ്' ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ